**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652** **23-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള പുനരധിവാസ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി നാളിതുവരെ 114.52 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് .<br><br>കൂടാതെ, ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF), നൈപുണ്യ പരിശീലന കേന്ദ്രം (ASAP), കുടിവെള്ള വിതരണം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC) എന്നിവ നടപ്പിലാക്കിക്കഴിഞ്ഞു. കളിസ്ഥലം, മത്സ്യബന്ധന തുറമുഖ നവീകരണം, പുതിയ മത്സ്യബന്ധന തുറമുഖ നിർമ്മാണം, തുടങ്ങിയ ജനക്ഷേമപരമായ പദ്ധതികളും പ്രദേശത്ത് നടപ്പിലാക്കി വരുന്നു.<br><br>ടി പ്രദേശത്ത് നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഫിഷറീസ്, KWA, KSEB, PWD മുതലായ വകുപ്പുകൾ ഇതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കി വരുന്നു. തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാദ്ധ്യതകൾ |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺസൽട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസ റായി കണ്ടെത്തിക്കഴിഞ്ഞു. ടി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം വിഴിഞ്ഞത്തെയും സമീപ പ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ തുക പൂർണ്ണമായി വിനിയോഗിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; | (ബി) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള ജീവനോപാധി നഷ്ടപരിഹാര - പുനരധിവാസ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്ന തിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റി നിലവിലുണ്ട്. പ്രസ്തുത കമ്മറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ചില അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാര പാക്കേജിന്റെ ഭാഗമായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നത് ജില്ലാ കളക്ടർ ചെയർമാനായ LIAC അപ്പീൽ കമ്മറ്റിയാണ്. LIAC അപ്പീൽ കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത അപേക്ഷകളുടെ പരിശോധനാ നടപടികൾ നടത്തുന്നത് ഫിഷറീസ് വകുപ്പിന് കീഴിലുള്ള PIU ആണ്. അപേക്ഷകരുടെ നേരിട്ടുള്ള ഹിയറിംഗിനും ഫീൽഡ് തല പരിശോധന കൾക്കും ശേഷം PIU സമർപ്പിക്കുന്ന റിപ്പോർട്ട് LIAC അപ്പീൽ കമ്മറ്റിയിൽ വിശദമായ ചർച്ച ചെയ്തതിനു ശേഷം അർഹരാണെന്ന് കണ്ടെത്തുന്നവർക്ക് നഷ്ടപരിഹാരം നൽകുവാൻ സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നു. സർക്കാരിൽ നിന്നും ഭരണാനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. ഈ രീതിയിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം നൽകിവരുന്നത്.<br><br>ജീവനോപാധി നഷ്ടപരിഹാര പാക്കേജി ലേക്ക് അപേക്ഷ നൽകുവാൻ നിഷ്കർഷിച്ചിരുന്ന തീയതി 25/09/2015 ആയിരുന്നു. ടി സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചവരെ മാത്രമാണ് ജീവനോപാധി നഷ്ടപരിഹാര പാക്കേജിലേക്ക് പരിഗണിക്കുന്നത്. എന്നാൽ പ്രസ്തുത തീയതിയ്ക്ക് ശേഷം ബഹു. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ, നവകേരള സദസ്സ്, തുറമുഖ വകുപ്പ് മന്ത്രി, ഫിഷറീസ് |

| | | | |
|---|---|---|---|
| | | | വകുപ്പ് മന്ത്രി, ജില്ലാ കളക്ടർ എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകളും പരാതികളും നിലവിൽ LIAC അപ്പീൽ കമ്മറ്റി പരിഗണിച്ചു വരുന്നുണ്ട്. ഇപ്രകാരം ജീവനോപാധി നഷ്ടപരിഹാര വിതരണം തുടർന്ന് വരുന്നുണ്ട്.<br><br>കൂടാതെ, തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭ്യമായ പാരിസ്ഥിതികാനുമതിയിൽ, 110 കോടി രൂപയുടെ Corporate Environment Responsibility (CER) യിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ മേഖലാവികസന പദ്ധതികൾ 2028 നുള്ളിൽ പൂർത്തീകരിക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) അടുത്ത മൂന്ന് വർഷങ്ങൾകൊണ്ട് ചെലവഴിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നഷ്ടപരിഹാരത്തുക (കോടി രൂപയിൽ) |
|---|---|---|---|
| 1 | ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ | 296 | 13.01 |
| 2 | കരമടി ഉടമസ്ഥർ/ തൊഴിലാളികൾ | 1103 | 59.19 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ | 15 | 0.15 |
| 4 | കട്ടമരം ഉടമസ്ഥർ | 99 | 4.07 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 226 | 6.45 |
| 7 | സ്വയം സഹായ സംഘങ്ങൾ (4) | 33 | 0.08 |
| **ആകെ** | | **2993** | **114.52** |